## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2114 08.12.2014-ൽ മറുപടിയ്ക്ക്

### മാവോയിസ്റ്റ് സാന്നിദ്ധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടും ഇതുവരെ ഒരു മാവോയിസ്റ്റിനെ പോലും പിടികൂടാനാവാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരണം നൽകാമോ ? | 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും, വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ അനവധി വർഷങ്ങളായി മാവോയിസ്റ്റ് പ്രവർത്തനമുണ്ട്. കേരളത്തിലെ വന പ്രദേശങ്ങളിൽ മുഖ്യമായും കേന്ദ്രീകരിക്കുന്ന ഇവരിൽ ബഹു. ഭൂരിപക്ഷവും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. താരതമ്യേന പുതിതായി ഉയർന്നു വന്നിട്ടുള്ളതും, പരമ്പരാ ഗതമായി കാര്യമായ പോലീസ് പ്രവർത്തനം നടക്കാത്തതുമായ വനാന്തരങ്ങളിൽ മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളതിനാലുമാണ് മാവോയിസ്റ്റു കളെ അറസ്റ്റ് ചെയ്യാൻ എളുപ്പത്തിൽ കഴിയാത്തത്. ഈ പ്രശ്നം കാര്യക്ഷമമായി നേരിടുന്നതിന് സംസ്ഥാന പോലീസിന്റെ വിവിധ ശാഖകളെ ശക്തിപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ